കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, തൃശൂർ കോൾ നില വികസന പദ്ധതിയുടെ ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. ആർ. കുര്യൻ എന്ന കരാറുകാരൻ പൂർത്തീകരിക്കാതെ ഉപേക്ഷിച്ച് പോയ അത്യാവശ്യമായി ചെയ്തു തീർക്കേണ്ട മറ്റൊരു പദ്ധതി ഉൾപ്പടെ 8.4 കോടി രൂപയുടെ ആറ് പദ്ധതികളിൽ രണ്ട് കോടി രൂപയുടെ പണികൾ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിൽ മിക്കതിന്റേയും പണികൾ പൂർത്തിയാകുകയും ചില പണികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. അതിൽ എം. എം. കനാലിന്റെ പാരാറീച്ചിന്റെ പണി ഏകദേശം 85 ശതമാനം പൂർത്തീകരിക്കുകയും ധനവാക്കൽ കനാലിന്റെ പണികൾ 35 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ബാക്കി പദ്ധതികൾക്കായി 6.17 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ ഈ വർഷം നടത്തേണ്ടതായ പണികൾക്ക് അഞ്ച് കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇതിൽ മുല്ലശ്ശേരി കനാലിന്റെ മുന്നാം റീച്ചിലെ പണി പൂർത്തീകരിച്ചു കഴിഞ്ഞു ബാക്കിയുള്ളവയുടെ പണികൾ നടന്നു വരികയാണ്. തൃശ്ശൂർ–പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി 500 കോടി രൂപയുടെ ഒരു പദ്ധതി ഗവൺമെന്റിന്റെ മുൻപിലുണ്ട്. അത് കർഷകർ, പൊന്നാനി കോൾ വികസന ഏജൻസി, തൃശ്ശൂർ ഏജൻസി, അവിടത്തെ എംഎൽഎ-മാർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ ഇവരുമായുള്ള ചർച്ചകൾ കഴിഞ്ഞതിനുശേഷം ഒരു സമ്പൂർണ്ണ പദ്ധതിയായി സംസ്ഥാന ഗവൺമെന്റിന്റെ മുന്നിലും അതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിലും സമർപ്പിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ജനുവരി അവസാനത്തോടെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്ന രീതിൽ ആ പദ്ധതികൾ കേരള ഗവൺമെന്റിന് സമർപ്പിക്കാൻ കഴിയും. യൂണിവേഴ്സിറ്റിയുടെ ഒരു അദ്ധ്യാപകനും സയന്റിസ്റ്റുമായ ഡോ. ബാലചന്ദ്രന്റെ നേതൃത്വത്തിലാണ് ഈ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്.

(12) പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

പ്രൊഫ. എൻ. ജയരാജ് : സർ, നിലവിൽ 20,216 കൺസ്യൂമേഴ്സും 175 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും അഞ്ച് ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന പരിധിയുമുള്ള കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് കങ്ങഴ പഞ്ചായത്തിലെ പത്തനാട് കേന്ദ്രമാക്കി പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കറുകച്ചാൽ സെക്ഷനോഫീസിന്റെ കീഴിൽ നാല് സാറ്റലൈറ്റ് ഓഫീസുകളുണ്ട്. ഇവയ്ക്ക് കറുകച്ചാൽ ഹെഡ്ക്വാർട്ടേഴ്സുമായി ഏകദേശം പതിനഞ്ച് കിലോമീറ്റർ വരെ അകലമുണ്ട്. പ്രവർത്തന പരിധി നൂറ് സ്ക്വയർ കിലോമീറ്ററും ഇരുപതിനായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സുമുണ്ടെങ്കിൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്യാമെന്ന വ്യവസ്ഥ നിലവിലുള്ള സാഹചര്യത്തിൽ കറുകച്ചാൽ സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി ഒരു സെക്ഷൻഓഫീസ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, മാനദണ്ഡത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. നിലവിൽ കറുകച്ചാൽ സെക്ഷന് 175 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുണ്ട്. കറുകച്ചാൽ സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്ത് പത്തനാട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ ഞാൻ കെ.എസ്.ഇ.ബി.-യോട് നിർദ്ദേശിക്കാം. പക്ഷേ ഉപഭോക്താക്കൾ ഇരുപതിനായിരത്തിൽ താഴെയായുള്ളൂ. എങ്കിലും ഇത് പരിഗണിക്കാവുന്നതാണെന്നാണ് തോന്നുന്നത്.

(13) മാള-നെയ്തക്കുടി-ചുങ്കം റോഡ്

ശ്രീ. എ. കെ. ചന്ദ്രൻ : സർ, മാള മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ് മാള-നെയ്തക്കുടി-ചുങ്കം റോഡ്. പി.ഡബ്ല്യു.ഡി. ഒരു പാലം പണിതതോടുകൂടി കൊടുങ്ങല്ലൂരിലേക്ക് പ്രവേശിക്കാനുള്ള ഏറ്റവും എളുപ്പ മാർഗ്ഗമാണ് ഈ റോഡ്. എന്നാൽ ഈ റോഡ് ആകെ തകർന്ന് കിടക്കുകയാണ്. പാലം ഉദ്ഘാടനം ചെയ്തപ്പോൾ അന്നത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മോൻസ് ജോസഫ് ആ റോഡ് ഏറ്റെടുക്കുമെന്നും 25 ലക്ഷം രൂപ ആ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അനുവദിക്കുമെന്നും പ്രഖ്യാപിച്ചു. എന്നാൽ ഒരു നടപടിയും ഉണ്ടായില്ല. പിന്നീട് ഒരു സബ്മിഷൻ ഈ സഭയിൽ ഉന്നയിച്ചപ്പോൾ അന്ന് പൊതുരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ധനകാര്യ വകുപ്പുമന്ത്രി ഉടൻ അത് ചെയ്യുമെന്ന് പ്രഖ്യാപിച്ചു. യാതൊരു നടപടിയും ഉണ്ടായില്ല. കഴിഞ്ഞ ദിവസം ഇന്നത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ അവലോകന യോഗത്തിലും ഞാൻ ഇക്കാര്യം ഉന്നയിച്ചതാണ്. ഇപ്പോൾ റോഡ് പൊളിച്ച് പൈപ്പിട്ട് കൊടുങ്ങല്ലൂർക്ക് വെള്ളം കൊണ്ടു-പോയതോടുകൂടി ആ റോഡിൽ കൂടി നടക്കാൻപോലും കഴിയാത്ത സ്ഥിതിയാണ്. അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഈ ബഡ്ജറ്റിലുണ്ട്. അത് ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എ. കെ. ചന്ദ്രൻ ഉന്നയിച്ചത് ശരിയാണ്. മാള-നെയ്തക്കുടി-ചുങ്കം റോഡിന്റെ ഈ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ പഴയ മന്ത്രിമാരുടെ ഉറപ്പിന്റെ കാര്യമൊക്കെ ശരിയാണ്. 2010-11-ലെ ബഡ്ജറ്റിൽ ഈ പ്രശ്നം വന്നിരുന്നെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമാണുണ്ടായിരുന്നത്. അതുകൊണ്ട് നടക്കാതെപോയതാണ്. എന്നാൽ ഈ റോഡിന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് സർക്കാർ പ്രത്യേക പദ്ധതിയായ റിസ്റ്റൂവൽ പാക്കേജിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ടെണ്ടർ നടപടി ആരംഭിച്ചു. ഇനിയുള്ള കാര്യം അങ്ങയുടെ കയ്യിലാണ്.

LIBRARY ARCHIVES Kerala Legislative Assembly